I ഇ.ബി. XI-കേരള നിയമസഭ/V17

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2003 ഫെബ്രുവരി 28, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**പ്രമേയം**

**സഭാസമ്മേളനം 13-3-2003 വരെ നിർത്തിവയ്ക്കുന്നത് സംബന്ധിച്ച്**

**മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):** "നമ്മുടെ സഭയിലെ അംഗം, ശ്രീ. കെ. രാധാകൃഷ്ണൻ കഴിഞ്ഞ ഏതാനും ദിവസങ്ങളായി സഭാ കവാടത്തിൽ നിരാഹാരം കിടക്കുകയാണ്. അതിനിടയിൽ സഭയിൽ സംജാതമായിട്ടുള്ള പ്രത്യേക സാഹചര്യം പരിഗണിച്ച് സഭാ സമ്മേളനം 2003 മാർച്ച് 13-ാം തീയതി വരെ വേണ്ടെന്ന് വയ്ക്കണമെന്നും, മാർച്ച് 14-ാം തീയതി ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റും, ബഡ്ജറ്റും, വോട്ട് ഓൺ അക്കൗണ്ടും സമർപ്പണത്തിനും മാർച്ച് 17-ാം

തീയതി ഉപധനാഭ്യർത്ഥന കളിൻമേലുള്ള ചർച്ചയ്ക്കും വോട്ടെടുപ്പിനും, മാർച്ച് 18, 19, 20 തീയതികളിൽ ബഡ്ജറ്റിന്റെ

പൊതു ചർച്ചയ്ക്കും വേണ്ടി വിനിയോഗിക്കണമെന്നും ഈ സഭ തീരുമാനിക്കുന്നു'' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ)**: പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

(കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന മറ്റ് ഇനങ്ങൾ പരിഗണിക്കപ്പെട്ടില്ല.)

സഭ രാവിലെ 9.33-ന് പിരിഞ്ഞു.